LIBRARY ARCHIVES Kerala Legislative Assembly

സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതി

193 (2402) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിൽ സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര കോളനികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന എത്ര കോളനികളാണ് അവശേഷിക്കുന്നത് ; ഇവ ഏതെല്ലാമാണ് ;

(സി) പ്രസ്തുത കോളനികളിൽകൂടി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുന്ദമംഗലം മണ്ഡലത്തിൽ സ്വയം പര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ ഉൾപ്പെടുത്തിയ മൂന്ന് കോളനികളാണ് നിലവിലുള്ളത്.

1. വല്ലക്കണ്ടി കോളനി- ചാത്തമംഗലം ഗ്രാമപഞ്ചായത്ത്

2. കോട്ടക്കുന്ന് കോളനി - മാവൂർ ഗ്രാമപഞ്ചായത്ത്

3. പുളിക്കഴി കോളനി - കുന്ദമംഗലം ഗ്രാമപഞ്ചായത്ത്

(ബി) നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ ആസ്രമ്മൽ കോളനി.

(സി) പരിശോധിക്കുന്നതാണ്.

വിദേശ പഠനത്തിന് ധനസഹായം

194 (2403) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിന് സഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചത് ഏത് വർഷത്തിലാണ് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര പേർക്ക് ധനസഹായം നൽകി ; വ്യക്തമാക്കാമോ ;

(ഡി) ഒരു വിദ്യാർത്ഥിക്ക് എത്ര രൂപയാണ് സഹായമായി നൽകുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14 വർഷം.

(സി) 2013-14, 2014-15 വർഷങ്ങളിലായി 16 വിദ്യാർത്ഥികളെ ധനസഹായത്തിന് തെരഞ്ഞെടുത്തു. 9 പേർക്ക് ആനുകൂല്യം നൽകി. 7 പേർക്ക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

(ഡി) ഒരു വിദ്യാർത്ഥിയ്ക്ക് പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.

ഉന്നത വിദ്യാഭ്യാസത്തിന് പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

195 (2404) ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന പ്രൊഫഷണൽ/ഉന്നത വിദ്യാഭ്യാസം നടത്തുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ഇപ്പോൾ നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസം നടത്തുന്ന പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് സർക്കാർ/എയിഡഡ് കോളേജുകളിൽ ഹോസ്റ്റലുകൾ ഇല്ലാത്ത സാഹചര്യത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഇവർക്കായി പകരം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly